LIBRARY ARCHIVES Kerala Legislative Assembly

ഏറാമല ഗ്രാമപഞ്ചായത്തിൽ വില്ലേജ് ഓഫീസ്

144(3066) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര നിയോജകമണ്ഡലത്തിലെ ഏറാമല ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് വില്ലേജ് ഓഫീസ് നിർമ്മിക്കുവാൻ റവന്യൂ വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ലക്ഷം ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന വാടക കെട്ടിടം ജീവനക്കാർക്ക് ഇരിക്കാൻ സൗകര്യം ഇല്ലാത്തതും കോൺക്രീറ്റ് അടർന്നു വീഴുന്നതും ആളുകൾക്ക് കയറാൻപോലും സൗകര്യം ഇല്ലാത്തതുമാണ്. അടിയന്തരമായി ഫണ്ട് അനുവദിച്ച് പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് കെട്ടിടം പണിയുന്നതുള്ള നടപടികൾ കൈക്കൊള്ളുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഏറാമല വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

റവന്യൂ ദിനം

145(3067) ശ്രീ. എം. പി. വിൻസന്റ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആഘോഷങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) റവന്യൂവകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇതോടനുബന്ധിച്ച് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ഡി) എന്തെല്ലാം ഇടർ നടപടിയാണ് ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫെബ്രുവരി 24-ാം തീയതിയാണ് റവന്യൂദിനമായി നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി റവന്യൂഓഫീസുകൾവഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും ജീവനക്കാരുടെ ഉത്സാഹം ഉണർത്തുന്നതിനുമായി സംസ്ഥാനത്തെ ഓരോ ജില്ലയിലെയും മികച്ച ഡെപ്യൂട്ടി കളക്ടർ, മികച്ച തഹസീൽദാർ, മികച്ച സേവനം കാഴ്ചവെയ്ക്കുന്ന മൂന്ന് വില്ലേജാഫീസർമാർ എന്നിവരെ തെരഞ്ഞെടുത്ത് പുരസ്കാരങ്ങൾ നൽകുകയുണ്ടായി. കൂടാതെ സംസ്ഥാനത്ത് ഏറ്റവും സ്തുത്യർഹവും പ്രശംസനീയവുമായ സേവനം കാഴ്ചവെച്ച ജില്ലാ കളക്ടർക്കും അന്നേദിവസം പുരസ്കാരം നൽകുകയുണ്ടായി. സർവ്വേ വകുപ്പിലെ മികച്ച ഉദ്യോഗസ്ഥർക്കും ടി ദിനത്തിൽ പുരസ്കാരങ്ങൾ നൽകിയിട്ടുണ്ട്.

(സി) റവന്യൂദിനാചരണവുമായി ബന്ധപ്പെട്ട് വകുപ്പിലെ എല്ലാ തലത്തിലുമുള്ള ജീവനക്കാർക്കും അവരുടെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി പുരസ്കാരങ്ങൾ നൽകിവരുന്നുണ്ട്. ഇത് കൂടുതൽ കാര്യക്ഷമവും മെച്ചപ്പെട്ടതുമായ സേവനം പൊതു ജനങ്ങൾക്ക് പ്രദാനം ചെയ്യാൻ ജീവനക്കാർക്ക് പ്രേരകമാകും. അതുമൂലം പൊതുജനങ്ങൾക്ക് വേഗത്തിലും കാര്യക്ഷമവുമായ സേവനം ലഭിക്കുന്നതാണ്.

(ഡി) റവന്യൂവകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളിന്മേലുള്ള സെമിനാറുകളും ദുരന്തനിവാരണ-ലഘൂകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും ഏകോപനത്തിനുമുതകുന്ന ശിൽപ്പശാലകളും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ലാന്റ് അക്വിസിഷൻ ചാർജ് ഇനത്തിലെ കടിശ്ശിക

146(3068) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലാന്റ് അക്വിസിഷൻ ചാർജ് ഇനത്തിൽ കുടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാധ്യത ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്രയാണെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly